ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:15.08.2024**

## പ്രധാനവാർത്തകൾ

1. **അഭിമാനവും ആവേശവുമുയർത്തി 78-ാം സ്വാതന്ത്ര്യദിനാഘോഷം. നിക്ഷേപകരെ ആകർഷിക്കാനും സദ്ഭരണം, ക്രമസമാധാനം എന്നിവ ഉറപ്പാക്കാനും വ്യക്തമായ നയങ്ങൾ രൂപീകരിക്കാൻ സംസ്ഥാനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി.**
2. **ഒരുമയും ഐക്യവും ഊട്ടിയുറപ്പിച്ച് നവകേരള നിർമ്മിതിയിൽ മുന്നേറാനാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തും സ്വാതന്ത്ര്യദിനത്തിൽ വിപുലമായ ആഘോഷങ്ങൾ.**
3. **മുല്ലപ്പെരിയാറിൽ പുതിയ ഡാം എന്നതാണ് സർക്കാരിൻറെ പ്രഖ്യാപിത ലക്ഷ്യമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ.**
4. **കൊൽക്കത്തയിൽ വനിത ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ വ്യാപക പ്രതിഷേധം.**
5. **സംസ്ഥാനത്ത് അടുത്ത 5 ദിവസം ശക്തമായ മഴ തുടരും. കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യ ബന്ധനത്തിന് വിലക്ക്.**

❁❁❁❁❁❁❁❁❁❁❁

സ്വാതന്ത്ര്യദിനം- രാജ്യം

RNUTVPM

അഭിമാനവും ആവേശവുമുയർത്തി രാജ്യമെമ്പാടും 78-ാാം സ്വാതന്ത്ര്യദിനാഘോഷം. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തി രാജ്യത്തെ അഭിസംബോധന ചെയ്തു. 140 കോടി ജനങ്ങൾ, ദൃഢ നിശ്ചയ ത്തോടെ ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ, പ്രതിബന്ധങ്ങളെ തരണം ചെയ്ത് 2047 ഓടെ വികസിത ഭാരതം എന്ന സ്വപ്നം കൈവരിക്കാ നാകുമെന്ന് ശ്രീ. മോദി പറഞ്ഞു. അടുത്തിടെയുണ്ടായ പ്രകൃതി ദുരന്തങ്ങളിൽ ആശങ്ക രേഖപ്പെടുത്തിയ അദ്ദേഹം, രാജ്യം ദുരിതബാധിതരോടൊപ്പ മുണ്ടെന്ന് വ്യക്തമാക്കി. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ, എഴുപത്തിയയ്യായിരം സീറ്റുകൾ അടുത്ത അഞ്ച് വർഷങ്ങളിൽ സൃഷ്ടിക്കും. നിക്ഷേപകരെ ആകർഷിക്കാനും, സദ്ഭരണവും ക്രമസമാധാന നിലയും ഉറപ്പാക്കാനും സംസ്ഥാന സർക്കാരുകൾ വ്യക്തമായ നയങ്ങൾ രൂപീകരിക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ദേശീയ യുദ്ധ സ്മാരകത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു പുഷ്പചക്രം സമർപ്പിച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, സേനാമേധാവി മാർ തുടങ്ങിയവരും പങ്കെടുത്തു. വിവിധ സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണപ്രദേശങ്ങളിലും മുഖ്യമന്ത്രിമാരുടെയും അഡ്മിനിസ്ട്രേറ്റർമാരുടെയും നേതൃത്വത്തിൽ ആഘോഷ പരിപാടികൾ നടന്നു.

RNU TVPM

## സ്വാതന്ത്ര്യദിനം- സംസ്ഥാനം ഇൻട്രോ

സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യ ദിനം സമുചിതമായി ആഘോഷിച്ചു.
ഒരു റിപ്പോർട്ട്....

(വോയ്സ്)

രാജ് ഭവനിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ത്രിവർണ പതാക ഉയർത്തി. തിരുവനന്തപുരത്ത് നടന്ന സംസ്ഥാനതല സ്വാതന്ത്ര്യ ദിനാഘോഷത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി, വിവിധ സേനാ വിഭാഗങ്ങളുടെ ഗാഡ് ഓഫ് ഓണർ സ്വീകരിച്ചു. ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികൾ നടന്നു. നിയമസഭാങ്കണത്തിൽ സ്പീക്കർ എ എൻ ഷംസീർ ദേശീയ പതാക ഉയർത്തി. എം എൽ എ

ഹോസ്റ്റൽ, സ്പീക്കറുടെ ഔദ്യോഗിക വസതി എന്നിവിടങ്ങളിലും ആഘോഷങ്ങൾ നടന്നു. കേരള ഹൈക്കോടതി, കൊച്ചി നാവിക ആസ്ഥാനം, പാങ്ങോട് സൈനിക കേന്ദ്രം, പോലീസ് ആസ്ഥാനം, പാലക്കാട്, തിരുവനന്തപുരം റെയിൽവേ ഡിവിഷൻ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു.

ന്യൂസ് ഡെസ്ക്, ആകാശവാണി

☸☸☸☸☸☸☸☸☸☸☸

## മുഖ്യമന്ത്രി- സ്വാതന്ത്ര്യ ദിനം

ഒരുമയും ഐക്യവും ഊട്ടിയുറപ്പിച്ച് നവകേരള നിർമ്മിതിയിൽ മുന്നേറാനാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അതിനുള്ള പ്രചോദനമാകണം വ്യത്യസ്ത ധാരകളിൽപ്പെട്ട സ്വാതന്ത്ര്യസമര സേനാനികളുടെ സ്മരണയെന്നും തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ മുഖ്യമന്ത്രി പറഞ്ഞു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുഃഖത്തിന്റേതായ അന്തരീക്ഷത്തിലാണ് ഇത്തവണത്തെ സ്വാതന്ത്ര്യദിനമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നവകേരള നിർമ്മാണത്തിൽ സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമൊപ്പം സംസ്ഥാനത്തെ വ്യക്തികൾക്കും സന്നദ്ധ സംഘടനകൾക്കുമെല്ലാം വലിയ പങ്ക് വഹിക്കാനുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

☸☸☸☸☸☸☸☸☸☸☸

## സ്വാതന്ത്ര്യ ദിനം- മന്ത്രിമാർ

രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും മതനിരപേക്ഷതയും സംരക്ഷിക്കാൻ ജാഗ്രതയോടെയുള്ള സമീപനം ഉണ്ടാകണമെന്ന് മന്ത്രി വി ശിവൻകുട്ടി. കൊല്ലത്ത് ജില്ലാ തല സ്വാതന്ത്ര്യദിനാഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ സാമ്പത്തികമായും രാഷ്ട്രീയമായും അസ്ഥിരപ്പെടുത്താനുള്ള ശ്രമങ്ങളെ ചെറുത്തു തോൽപ്പിക്കണമെന്ന് റവന്യു മന്ത്രി കെ. രാജൻ മലപ്പുറത്ത് പറഞ്ഞു. ഏത് പ്രതിസന്ധിയിലും, സ്വാതന്ത്ര്യത്തിൻ്റെ വെളിച്ചം കെടാതെ സൂക്ഷിക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ടെന്ന്, പാലക്കാട്,

സ്വാതന്ത്ര്യാഘോഷ പരിപാടിയെ അഭിസംബോധന ചെയ്യവേ മന്ത്രി എം.ബി.രാജേഷ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁

## എ. കെ.ശശീന്ദ്രൻ

രാഷ്ട്രം വികസനത്തിൻ്റെ പാതയിലാണ് മുന്നോട്ട് പോകുന്നതെന്ന് മന്ത്രി എ. കെ.ശശീന്ദ്രൻ. കോഴിക്കോട് വിക്രം മൈതാനിയിൽ ദേശീയ പതാക ഉയർത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസനത്തിന് വേണ്ടി പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യുകയെന്ന സങ്കല്പം അശാസ്ത്രീയമാണെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁

## പി.പ്രസാദ് - സ്വാതന്ത്ര്യദിനം

സ്വാതന്ത്ര ദിനം വ്യത്യസ്ത രീതിയിൽ ആഘോഷിച്ച് ആലപ്പുഴയിലെ കർഷകർ. കഞ്ഞിക്കുഴിയിലും ചേർത്തല തെക്ക് തിരുവിഴയിലും പച്ചക്കറി തോട്ടത്തിലായിരുന്നു ആഘോഷം. തിരുവിഴയിൽ മന്ത്രി പി പ്രസാദ് ദേശീയ പതാക ഉയർത്തി.

RNU TVPM

❁❁❁❁❁❁❁❁❁❁❁

## ലക്ഷദ്വീപ് - സ്വാതന്ത്ര്യദിനം

ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും സ്വാതന്ത്ര്യ ദിനം വിപുലമായി ആഘോഷിച്ചു. കവരത്തി സ്കൂൾ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് Sandeep Kumar ദേശീയ പതാക ഉയർത്തി പരേഡിനെ അഭിവാദ്യം ചെയ്തു.

❁❁❁❁❁❁❁❁❁❁❁

## വയനാട്- തിരച്ചിൽ

വയനാട് ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് നിലമ്പൂർ മേഖലയിൽ നടത്തുന്ന തിരച്ചിൽ തുടരുമെന്ന് റവന്യു മന്ത്രി കെ. രാജൻ. ദുരന്തത്തിൽ ഉൾപ്പെട്ട 118 പേരെ ഇനിയും കണ്ടെ ത്താനുണ്ട്.

ഉരുൾപൊട്ടലിൽ ഒഴുകി വന്ന മണ്ണ് അടിഞ്ഞു കിടക്കുന്ന ഭാഗങ്ങൾ കേന്ദ്രീകരിച്ചായിരിക്കും ഇനി തിരച്ചിൽ നടത്തുകയെന്നും അദ്ദേഹം മലപ്പുറത്ത് അറിയിച്ചു. നിലമ്പൂരിലെ ഉൾവനത്തിൽ നടക്കുന്ന തിരച്ചിലിന് സന്നദ്ധ പ്രവർത്തകർ, അധികൃതരെ അറിയിക്കാതെ പോകരുതെന്നും റവന്യൂ മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁

## വയനാട് വിദഗ്ദ്ധ സംഘം

വയനാട്ടിൽ പുഞ്ചിരിമട്ടം മുതൽ ചൂരൽ മല വരെയുള്ള പ്രദേശങ്ങളിൽ വിദഗ്ദ്ധ സംഘം പരിശോധന നടത്തിയതായി സംഘാംഗവും മുതിർന്ന ശാസ്ത്രജ്ഞനുമായ ജോൺ മത്തായി. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ പഠിച്ച്, മാനദണ്ഡങ്ങൾ നിർണയിച്ച് സുരക്ഷിത മേഖലകളും, സുരക്ഷിതമല്ലാത്തവയും കണ്ടെത്തി സർക്കാരിനെ അറിയിക്കുമെന്നും അദ്ദേഹം പറഞ്ഞു. അതിനിടെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ ഇന്നും തിരച്ചിൽ നടത്തിയെങ്കിലും ശരീരാവശിഷ്ടങ്ങൾ ഒന്നും കണ്ടെത്താനായില്ല. നാളെ ചാലിയാർ കേന്ദ്രീകരിച്ച് കൂടുതൽ തിരച്ചിൽ നടത്തും.

PNU TVPM

❁❁❁❁❁❁❁❁❁❁❁

## വയനാട് താത്ക്കാലിക പുനരധിവാസം

വയനാട് ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരുടെ താത്ക്കാലിക പുനരധിവാസത്തിന്, വീട് നൽകാൻ സന്നദ്ധരായവർ വിവരം അറിയിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. മുട്ടിൽ, മേപ്പാടി, വൈത്തിരി, അമ്പലവയൽ, മൂപ്പൈനാട്, പൊഴുതന, വേങ്ങപ്പള്ളി, മീനങ്ങാടി ഗ്രാമപഞ്ചായത്ത് പരിധിയിലും കൽപ്പറ്റ നഗരസഭാ പരിധിയിലുമാണ് വീടുകൾ അന്വേഷിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁

## മുല്ലപ്പെരിയാർ- റോഷി അഗസ്റ്റിൻ

മുല്ലപ്പെരിയാറിൽ പുതിയ ഡാം എന്നതാണ് സംസ്ഥാന സർക്കാരിൻറെ പ്രഖ്യാപിത ലക്ഷ്യമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. നിയമസഭ ഐക്യകണ്ഠേന പാസാക്കിയ വിഷയമാണിതെന്നും, സുപ്രീം

കോടതിയിൽ നിലനിൽക്കുന്ന കേസ് എന്ന പരിമിതിയുണ്ടെങ്കിലും, തീരുമാനത്തിൽ നിന്ന് പിന്നോട്ടില്ലെന്നും മന്ത്രി പറഞ്ഞു. ഇടുക്കിയിൽ സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികളിൽ സംസാരിക്കുകയായിരുന്നു ശ്രീ.റോഷി അഗസ്റ്റിൻ.

❁❁❁❁❁❁❁❁❁❁❁

## മുല്ലപ്പെരിയാർ- പ്രതിഷേധം

മുല്ലപ്പെരിയാർ സമര സമിതി എക്സിക്യൂട്ടീവ് അംഗങ്ങളുടെ അടിയന്തര യോഗം ഇടുക്കി ചപ്പാത്തിൽ നടന്നു. തിരുവോണ ദിവസം ഉപ്പുതറയിൽ കൂട്ട എകദിന ഉപവാസവും, ഒക്ടോബർ പത്തിന് സംസ്ഥാനത്തെ 129 കേന്ദ്രങ്ങളിൽ ജനകീയ കൂട്ടായ്മയും സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു.

❁❁❁❁❁❁❁❁❁❁❁

## കെ ജി എം ഒ എ - പ്രതിഷേധം

PNUTVPM

കൊൽക്കത്തയിൽ വനിത ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ വ്യാപക പ്രതിഷേധം. കേരളത്തിലെ ഡോക്ടർമാർ നാളെ സംസ്ഥാന വ്യാപകമായി സമരം നടത്തും. പി ജി ഡോക്ടർമാരും സീനിയർ റെസിഡൻറ് ഡോക്ടർമാരും ഓ പി ഡ്യൂട്ടിയും വാർഡ് ഡ്യൂട്ടിയും ബഹിഷ്കരിക്കുമെന്ന് കെ ജി എം ഒ എ അറിയിച്ചു. എന്നാൽ അത്യാഹിത വിഭാഗങ്ങളിൽ സേവനം ഉണ്ടാകും. രാജ്യവ്യാപക പ്രതിഷേധം തുടരുമെന്ന് ഫെഡറേഷൻ ഓഫ് റെസിഡൻറ് ഡോക്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁

## കാലാവസ്ഥ

സംസ്ഥാനത്ത് അടുത്ത 5 ദിവസങ്ങളിൽ ശക്തമായ മഴ തുടരും. ഇന്ന് കോഴിക്കോട്, വയനാട് ജില്ലകളിലും, നാളെ പത്തനംതിട്ട, ഇടുക്കി ജില്ലകളിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രതാ നിർദ്ദേശം നല്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

## പ്രധാനമന്ത്രി - പാരിസ് ഒളിമ്പിക്സ്

പാരിസ് ഒളിമ്പിക്സ് മെഡൽ ജേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കായിക മേഖലയ്ക്ക് കേന്ദ്ര സർക്കാർ നൽകുന്ന പിന്തുണ ഇനിയും തുടരുമെന്ന് അദ്ദേഹം പറഞ്ഞു. ഉയർന്ന നിലവാരമുള്ള കായിക അടിസ്ഥാന സൗകര്യമൊരുക്കുമെന്നും ശ്രീ നരേന്ദ്ര മോദി വ്യക്തമാക്കി.

## ചലച്ചിത്ര പുരസ്കാരം

2023 ലെ സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ നാളെ പ്രഖ്യാപിക്കും. തിരുവനന്തപുരത്ത് വൈകിട്ട് 3 മണിക്ക് നടക്കുന്ന വാർത്താ സമ്മേളനത്തിൽ മന്ത്രി സജി ചെറിയാനാണ് അവാർഡുകൾ പ്രഖ്യാപിക്കുന്നത്.

RNUTVPM

## ശബരിമല

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് അഞ്ചിന് തുറക്കും. നാളെ പൂജകൾ ഉണ്ടാകില്ല. മറ്റന്നാൾ മുതൽ 21 വരെ, വിശേഷാൽ പൂജകൾ നടക്കും. തീർഥാടകർക്ക് വെർച്വൽ ക്യൂ വഴി ബുക്ക് ചെയ്ത് ദർശനത്തിനെത്താൻ സൗകര്യമുണ്ട്.

## കാബ്കോ എക്സ്പോ

കാർഷിക സംരംഭങ്ങളെയും കൂട്ടായ്മകളെയും ഒരുമിച്ച് ഒരു കുടക്കീഴിൽ അണിനിരത്താൻ ലക്ഷ്യമിട്ടുള്ള കൃഷി വകുപ്പിന്റെ കാബ്കോ എക്സ്പോ സെൻററിൻറെ ശിലാസ്ഥാപനം മറ്റെന്നാൾ നടക്കും. മന്ത്രി പി പ്രസാദ് ശിലാസ്ഥാപനം നിർവഹിക്കും. ആനയറ വേൾഡ് മാർക്കറ്റ് പരിസരത്ത് സജ്ജമാക്കുന്ന 65,000 ചതുരശ്ര അടിയുള്ള എക്സിബിഷൻ സെന്ററിൽ

കൺവെൻഷനുകൾ, ട്രേഡ് ഷോകൾ എന്നിവ സംഘടിപ്പിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## കർഷക ദിനം

സംസ്ഥാനതല കർഷക ദിനാഘോഷം മറ്റന്നാൾ. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം നിർവഹിക്കും. ചടങ്ങിൽ കർഷക അവാർഡുകൾ വിതരണം ചെയ്യും. കാർഷിക സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ കതിർ ആപ്പും മുഖ്യമന്ത്രി പുറത്തിറക്കും.

RNU TVPM